DESPATCHED
On. 04/01/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 492(6)/2021 എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.4817/എസ്.ഐ.സി-ജി 5/2021)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 14.12.2021**

ശ്രീ. റ്റി. രാജേന്ദ്രൻ പിള്ള,
നന്ദനം, 28-ാം മൈൽ,
പറകുന്ന് പി.ഒ,
നാവായിക്കുളം – 695 603,
തിരുവനന്തപുരം. — **അപ്പീൽ ഹർജിക്കാരൻ**

**Vs.**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ (ലീഗൽ അഫയേഴ്സ്)
ദേവസ്വം കമ്മീഷണർ ഓഫീസ്,
തിരുവിതാംകൂർ ദേവസ്വം ബോർഡ്,
തിരുവനന്തപുരം.
2. അപ്പീൽ അധികാരി ,
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (പി & എസ്.ജി.ആർ.സി)
ദേവസ്വം കമ്മീഷണർ ഓഫീസ്,
തിരുവിതാംകൂർ ദേവസ്വം ബോർഡ്,
തിരുവനന്തപുരം.

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 14/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 22/02/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03/04/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 12/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/05/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/07/2021 |
| ഓഡിയോ ഹിയറിംഗ് തീയതി | 13/12/2021 |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. റ്റി. രാജേന്ദ്രൻ പിള്ള, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി ഓഫീസിലെ എസ്.പി.ഐ.ഒ യ്ക്ക് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാണ് മറുപടി നൽകിയതെന്നും ആയതിൽ പറഞ്ഞതു പോലെ മറുപടി ലഭ്യമാക്കിയില്ലെന്നും ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും മറുപടി ലഭ്യമാകാതിരുന്നതിനാൽ അപ്പീലധികാരിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാണ് മറുപടി നൽകിയതെന്നും എന്നാൽ ആയതിലും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ലെന്നും അങ്ങിനെ ടിയാന്റെ വിവരാവകാശ അപേക്ഷയിൽ 150 ദിവസങ്ങൾ കഴിഞ്ഞിട്ടും മറുപടി നൽകാതിരിക്കുകയും വിവരാവകാശ അപേക്ഷയ്ക്ക് നിയമം അനുശാസിക്കുന്ന പരിഗണന നൽകാതെ അലംഭാവത്തോടു കൂടി നടപടികൾ സ്വീകരിച്ച ദേവസ്വം കമ്മീഷണർ ഓഫീസിലെ ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്നും ടിയാൻ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ സൗജന്യമായി ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 03.11.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ദേവസ്വം കമ്മീഷണർ ഓഫീസിൽ നടപടി സ്വീകരിച്ചിട്ടുള്ള ROC 3109/13/Est. നമ്പർ ഫയലിന്റെ 19.11.2014 മുതൽ 24.01.2015 വരെയുള്ള നോട്ട്, ഡ്രാഫ്റ്റ് എന്നിവയുടെ പകർപ്പാണ്.

3. ഹർജിക്കാരന്റെ 03.11.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 17.11.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 14.01.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയതിന് 22.02.2021 ൽ നൽകിയ മറുപടിയിൽ ടിയാന്റെ അപേക്ഷയ്ക്ക് 10.11.2020 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും പകർപ്പുകൾ ലഭ്യമാക്കുന്നതിന് നിയമാനുസൃത ഫീസ് അടച്ച് രേഖകൾ സഹിതം ആവശ്യപ്പെട്ടാൽ മറുപടി ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. .

4. രണ്ടാം എതിർകക്ഷി 08.07.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ പരാതി പരി

ശോധിച്ചതിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ലെന്നും ഫയൽ നമ്പർ മാത്രം വച്ച് ഫയൽ നോക്കിയെടുക്കുവാൻ കാലതാമസം നേരിട്ടതിനാലും കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഓഫീസ് പ്രവർത്തനം പൂർണ്ണമായി നടക്കാതിരുന്നതിനാലും ജനറൽ ട്രാൻസ്ഫർ നടന്നുകൊണ്ടിരുന്നതിനാൽ സെക്ഷൻ ക്ലർക്ക് ഇല്ലാതിരുന്നതിനാലും ആണ് ഹർജിക്കാരന് നിശ്ചിത സമയത്തിനകത്ത് മറുപടി നൽകാൻ സാധിക്കാതിരുന്നതെന്നും ടിയാന്റെ അപേക്ഷ പ്രകാരം എസ്റ്റാ-എ യിൽ നിന്നും ലഭ്യമായ വിവരങ്ങൾ അപേക്ഷകന് 08.07.2021 ൽ അയച്ചു നൽകിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, 08.07.2021 തീയതി വച്ച് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിലും ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കിയതായി പറയുന്നു. ടി വിഷയത്തിൽ 30.11.2021 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ ഹർജിക്കാരന് ടി വിഷയത്തിൽ പരാതി തുടരാൻ താല്പര്യമില്ലെന്നും ആയതിനാൽ അപ്പീൽ പിൻവലിക്കുകയാണെന്നും അറിയിച്ചിരുന്നു. 13.12.2021 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളുടെ പകർപ്പുകൾ ടിയാന് നൽകിയിട്ടുണ്ടെന്നാണ് ഒന്നാം എതിർകക്ഷിയുടെ മൊഴിയിലും രണ്ടാം എതിർകക്ഷിയുടെ 08.07.2021 ലെ റിപ്പോർട്ടിലും പറയുന്നത്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെ അടിസ്ഥാനത്തിലും ഹർജിക്കാരന് പരാതി തുടരാൻ താൽപര്യമില്ല എന്ന് ടിയാൻ 30.11.2021 ൽ കമ്മീഷനിൽ അറിയിച്ചിട്ടുള്ളതിനാലും അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 14-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm